


# മിശിഹാ; കൃപ നൽകും വീഞ്ഞ്

(യോഹ. 2:1–11; ഹെബ്രാ. 7:23–28; ഏശയ്യാ 46:5–13)

ബ്ര. അൽബിനോ മേക്കലാത്ത്

Vol. 10, Issue: 37

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

ഈശോയുടെ മാമ്മോദീസായിൽ ആരംഭിച്ച് അവന്റെ വ്യക്തിത്വത്തിന്റെ വിവിധ മാനങ്ങൾ ആവിഷ്കരിക്കപ്പെടുന്ന ദനഹാക്കാലത്തിലാണല്ലോ നാം. ചിന്തയിലും ചിത്രത്തിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു ദൈവമല്ല മറിച്ച്, തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ വേദനകളിലേയ്ക്കും പ്രശ്നങ്ങളിലേയ്ക്കും ഇറങ്ങിവരുന്ന ഒരു ദൈവമാണ് ക്രിസ്തു എന്ന് യോഹന്നാൻ സുവിശേഷകൻ, നാം ഇന്നു വായിച്ചുകേട്ട കാനായിലെ അത്ഭുതത്തിലൂടെ നമുക്ക് വെളിപ്പെടുത്തി തരികയാണ്.

മനുഷ്യന്റെ സമാനതകളിലേയ്ക്ക് ഇറങ്ങിവന്നവനാണ് ക്രിസ്തു. അവൻ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ചു. ഇങ്ങനെ കൂടെ വസിക്കുന്ന ദൈവം നമ്മുടെ വ്യക്തിജീവിതങ്ങളിലെ വരൾച്ചയിലേയ്ക്ക് അത് മാനസീകമോ, വൈകാരികമോ, ശാരീരികമോ ആയിക്കൊള്ളട്ടെ അവിടെയെല്ലാം സമയത്തിന്റെ പൂർണ്ണതയിൽ പുതുവീഞ്ഞിന്റെ സമൃദ്ധി നൽകി ആശ്വാസം പകരുമെന്ന് ഉറപ്പ് നൽകുകയാണ് ഈ വചനഭാഗം.

ക്രിസ്തു തന്റെ ദൈവീകമഹത്വം വെളിപ്പെടുത്തിയ ആദ്യത്തെ അടയാളമാണ് കാനായിലെ കല്യാണവിരുന്നിൽ സംഭവിച്ചത്. സമാന്തര സുവിശേഷങ്ങളിൽ പരാമർശിക്കപ്പെടാത്ത ഈ സംഭവത്തെ യോഹന്നാൻ സുവിശേഷകൻ ക്രിസ്തുവിന്റെ ആദ്യ അത്ഭുതമായി എടുത്തുപറയുന്നു. ഇതിന്

ഒരു പ്രത്യേക ലക്ഷ്യമുണ്ട്. മൂന്നാം ദിവസമാണ് ഗലീലിയിലെ കാനായിൽ വിവാഹവിരുന്ന് നടന്നത്. യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായത്തിൽ സൂചിപ്പിക്കുന്ന ഈശോയുടെ മാമ്മോദീസായ്ക്കു ശേഷമുള്ള മൂന്നാം ദിവസമായി ഇതിനെ കാണണമെന്ന് മൊപ്സുബസ്ത്യായിലെ തെയഡോർ പഠിപ്പിക്കുന്നുണ്ട്. ഈശോയുടെ മാമ്മോദീസായ്ക്കു ശേഷം അന്ത്രയോസും, സ്നേഹിതനും ഈശോയോടുകൂടി വസിക്കുന്നത് ഒന്നാം ദിവസവും, പീലിപ്പോസിനെയും, നഥാനിയേലിനെയും വിളിക്കുന്നത് രണ്ടാം ദിവസവും തുടർന്നുവരുന്ന മൂന്നാം ദിനമാണ് കാനായിലെ വിവാഹവിരുന്നും.

മൂന്നാം ദിവസം, അത് ദൈവശാസ്ത്രപരമായ ഒരു പ്രയോഗമാണ്. മരിച്ചവരിൽ നിന്നുള്ള ഈശോയുടെ ഉത്ഥാനത്തെ ഇത് സൂചിപ്പിക്കുന്നു. ഈശോയുടെ മഹത്വീകരണത്തിന്റെ ആരംഭം കാനായിലെ അത്ഭുതത്തിലാണെങ്കിൽ അതിന്റെ പരിസമാപ്തി അവിടുത്തെ ഉത്ഥാനത്തിലാണ്. അതിനാൽ കാനായിൽ നടന്ന ഈ ആദ്യ അടയാളം മൂന്നാം ദിവസമായിരുന്നുവെന്ന് സൂചിപ്പിക്കുകവഴി ക്രിസ്തുവിന്റെ ഉത്ഥാനവുമായി ഈ അടയാളത്തെ ബന്ധിപ്പിക്കുകയാണ് സുവിശേഷകൻ. ഇവിടെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യം, മിശിഹായുടെ വരവോടെ അതായത്, സമയത്തിന്റെ പൂർണ്ണതയിൽ ഉണ്ടായ ദൈവത്തിന്റെ ഇടപെടലിലൂടെ കാനായിലെ കുടുംബത്തിനു കൈവന്ന സൗഭാഗ്യമാണ്. മിശിഹായുടെ വരവോടെ വീഞ്ഞിന്റെ സമൃദ്ധിയുണ്ടായി. വെറും വെള്ളമായിരുന്നത് വീഞ്ഞ് ആയി മാറി. ഇത് പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. ഏശയ്യാ പ്രവചനം 25-ാം അധ്യായം 6-ാം വാക്യം, "ഈ പർവ്വതത്തിൽ സർവ്വജനതകൾക്കും വേണ്ടി സൈന്യങ്ങളുടെ കർത്താവ് ഒരു വിരുന്നൊരുക്കും. മജ്ജയും കൊഴുപ്പും മുറ്റിയ വിഭവങ്ങളും മേൽത്തരം വീഞ്ഞുമുള്ള വിരുന്ന്." വീഞ്ഞിന്റെ സമൃദ്ധി ദൈവരാജ്യത്തിൽ രക്ഷ അളവില്ലാതെ ചൊരിയപ്പെടുന്നതിന്റെ സൂചനയാണ്. വീഞ്ഞാകട്ടെ, കൃപയുടെ പ്രതീകവും. ക്രിസ്തുസാന്നിദ്ധ്യം ഒപ്പമുള്ളപ്പോൾ ജീവിതത്തിൽ കൃപ വർഷിക്കപ്പെടും എന്ന സൂചന നൽകുകയാണ് വീഞ്ഞ് നിറഞ്ഞ കൽഭരണികൾ.

വായിച്ചുകേട്ട തിരുവചനഭാഗം ഇന്ന് നമുക്കു നൽകുന്ന സന്ദേശം വളരെ സുന്ദരമാണ്. നമ്മുടെ ഹൃദയവിചാരങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹമാകുന്ന വീഞ്ഞ് നിറയ്ക്കുകയും അത് നമ്മിലേയ്ക്ക് കടന്നുവരുന്ന അതിഥികൾക്ക് കാരുണ്യപൂർവ്വം പകരുകയും വേണമെന്ന സന്ദേശം ഈ വചനഭാഗം നൽകുന്നു. ഇതിനായി ക്രിസ്തു പഠിപ്പിച്ച സ്നേഹത്തിന്റെ കൽപനയുമായിരിക്കണം എന്റെയുള്ളിലെ ഏറ്റവും ശക്തമായ ലഹരി. കാരണം, ലൗകീകമാധുര്യം തുളുമ്പുന്ന ഒന്നും നമുക്ക് നിത്യമായി ലഹരി പ്രദാനം ചെയ്യില്ല.

വി. അഗസ്റ്റിൻ പഠിപ്പിക്കുന്നതുപോലെ, "നിങ്ങൾ കർത്താവിങ്കലേയ്ക്കു തിരിയുമ്പോൾ രുചിയില്ലായ്മ നീക്കപ്പെടുന്നു. വെള്ളമായിരുന്നത് നിങ്ങൾക്കിപ്പോൾ വീഞ്ഞായി അനുഭവപ്പെടും." ഈശോമിശിഹാ നൽകുന്ന സ്നേഹത്തിന്റെ ലഹരി സ്വീകരിച്ചുകൊണ്ട്, ലോകത്തിന്റെ കയ്പ്പുനിറഞ്ഞ യാഥാർത്ഥ്യങ്ങളെ നമുക്ക് നേരിടാം. ലോകം നൽകുന്നത് താഴ്ന്നതരം വീഞ്ഞാണ്; അത് നശ്വരമാണ്. എന്നാൽ, നല്ല വീഞ്ഞ് ഈശോയാണ്. അതോ അനശ്വരവും. അവൻ നൽകുന്ന കൃപയുടെ വീഞ്ഞ് പുതുമയുള്ളതും ലഹരി നിറഞ്ഞതുമായിരിക്കും. മനുഷ്യജീവിതത്തിന് ഒരിക്കലും നഷ്ടപ്പെടാത്ത രുചിയും പുതുമയും വീര്യവും നൽകുന്ന പുതുവീഞ്ഞ്. ഈ വീഞ്ഞ് ഇന്നു നാം സ്വീകരിക്കുന്ന വിശുദ്ധ കുർബാനയാണ്. ക്രിസ്തുവിന്റെ മുഴുവൻ ലഹരിയും വിശുദ്ധ കുർബാനയിൽ ഉൾച്ചേർന്നിരിക്കുന്നു. ഈ ലഹരി നഷ്ടപ്പെടുത്താതെ നമുക്ക് സൂക്ഷിക്കാം. നല്ല ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.